

04/10/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/10/2024

1. കൃഷിവകുപ്പിന്റെ കേരളഗ്രോ സ്റ്റോറുകളുടെയും ചെറുധാന്യ കൃഷിയുടെയും അവയുടെ മൂല്യവർദ്ധന ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പാക്കുന്ന മില്ലറ്റ് കഫേകളുടെയും ഉദ്ഘാടനം മന്ത്രി പി പ്രസാദ് ഉള്ളൂരിൽ നിർവഹിച്ചു. മെച്ചപ്പെട്ട ജീവിതവും ആരോഗ്യവും പ്രധാനം ചെയ്യുന്ന ഭക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ഊന്നൽ നൽകുമെന്നും ആദ്യമായാണ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ രാജ്യാന്തര നിലവാരമുള്ള കൃഷിക്കൂട്ടങ്ങൾ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ എന്നിവയുടെ നേതൃത്വത്തിൽ മില്ലറ്റ് ഉത്പന്നങ്ങൾ, പാചക വിഭവങ്ങൾ എന്നിവ മലയാളികളെ പരിചയപ്പെടുത്തുന്ന മില്ലറ്റ് കഫേകൾ എല്ലാ ജില്ലകളിലും പ്രവർത്തനമാരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

2. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസിൽ കർഷകർക്ക് ഇന്നും നാളെയുംകൂടി രജിസ്റ്റർ ചെയ്ത് പദ്ധതിയിൽ ചേരാവുന്നതാണ്. വെള്ളിയാഴ്ച അർധരാത്രിയോടെ പോർട്ടൽ അടയും. ബാങ്ക് പാസ് ബുക്ക്, ആധാർ കാർഡ്, കൃഷിയിടത്തിന്റെ നികുതിയടച്ച രസീതോ പാട്ടച്ചീട്ടോ തുടങ്ങിയവയുമായി അക്ഷയ കേന്ദ്രങ്ങൾ വഴിയും ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും രജിസ്റ്റർചെയ്യാം. ഇൻഷുറൻസ് കമ്പനിയുടെ ഏജൻറുമാർ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിവിധ പച്ചക്കറി വിളകളായ വഴുതന, പാവൽ, കുമ്പളങ്ങ, പയർ, വെള്ളരി, വെള്ളരി, തണ്ണിമത്തൻ, പടവലങ്ങ, വെണ്ട എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. കാർഷിക വികസന കർഷക ക്ഷേമവകുപ്പിലെ എൻജിനീയറിംഗ് വിഭാഗം സപ്പോർട്ട് ടു ഫാം മെക്കനൈസേഷൻ പദ്ധതിയിൽ കോട്ടയം ജില്ലയിലെ കർഷകർക്കായി കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി സർവീസ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്താൻ ആഗ്രഹിക്കുന്ന വ്യക്തികൾക്കും കർഷക സംഘങ്ങൾക്കും 9496681854, 9496846155 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെട്ട് ബുക്ക് ചെയ്യാം. ആദ്യം ബുക്ക് ചെയ്യുന്നവർക്ക് 1000/- രൂപ വരെയുള്ള സ്പെയർ പാർട്ട്സ് ഉപയോഗിച്ചുള്ള സർവീസ് സൗജന്യമായിരിക്കും. രണ്ട് ഘട്ടങ്ങളിലായി ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ 20 സർവീസ് ക്യാമ്പ് സംഘടിപ്പിക്കും. കൃഷി എൻജിനീയറിംഗ് ഓഫീസിലെ മെക്കാനിക്കുകൾക്ക് പുറമേ വിവിധ കാർഷിക യന്ത്രോപകരണ നിർമാതാക്കളുടെ മെക്കാനിക്കുകളുടേയും സേവനം ക്യാമ്പിൽ ലഭ്യമാണ്.

5. അസാപ്പ് കേരളയും കൊച്ചിൻ ഷിപ്പ്യാർഡും സംയുക്തമായി നടത്തുന്ന മറൈൻ സ്ട്രക്ചറൽ ഫിറ്റർ കോഴ്സിലേയ്ക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 7 സീറ്റുകളിലാണ് ഒഴിവുള്ളത് (3 സീറ്റ് മൈനോറിറ്റി വിഭാഗത്തിനുള്ളതാണ്). ഐടിഐ വെൽഡർ, ഫിറ്റർ, ഷീറ്റ് മെറ്റൽ എന്നീ ട്രേഡുകൾ 2020ന് ശേഷം പാസൗട്ട് ആയ കുട്ടികൾക്കാണ് അവസരം. ന്യൂനപക്ഷ മത വിഭാഗങ്ങളിൽ ഉൾപ്പെട്ട (ക്രിസ്ത്യൻ, മുസ്ലിം, ജൈന, ബുദ്ധ, പാഴ്സി) വിദ്യാർത്ഥികൾക്ക് കോഴ്സ് സൗജന്യമായിരിക്കും. ഒക്ടോബർ 10ന് ക്ലാസ് തുടങ്ങുന്നതാണ്. കൂടുതൽ വരങ്ങൾക്ക് 7736925907/9495999688 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന: അപേക്ഷ ക്ഷണിച്ചു

6. പ്രധാനമന്ത്രി മത്സ്യസമ്പാദ യോജന (പി.എം.എം.എസ്.വൈ) പദ്ധതി പ്രകാരം ഓരുജല ബയോഫ്ളോക്ക് കുളങ്ങളുടെ നിർമ്മാണ പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. 0.1 ഹെക്ടർ (25 സെന്റ്), ബയോഫ്ളോക്ക് കുളം നിർമ്മിച്ച് മത്സ്യം വളർത്തുന്നതിന് 18

ലക്ഷം രൂപയാണ് യൂണിറ്റ് ചെലവ്. പദ്ധതി തുകയുടെ 40% രൂപ ഗുണഭോക്താവിന് സബ്സിഡിയായി നൽകും.താത്പര്യമുള്ള അപേക്ഷകർ അതാത് പ്രദേശത്തെ മത്സ്യഭവനുമായി ബന്ധപ്പെടണം.അവസാന തീയതി ഒക്ടോബർ ഏഴ്. ഫോൺ:വൈക്കം മത്സ്യഭവൻ ; 04829-291550, കോട്ടയം മത്സ്യഭവൻ ; 0481 - 2566823, പാലാ മത്സ്യഭവൻ 0482-2299151

7. മത്സ്യഫെഡിന്റെ വെളിയങ്കോട് ചെമ്മീൻ വിത്തുത്പാദന കേന്ദ്രത്തിൽ പത്ത് ലക്ഷം കാര ചെമ്മീൻ വിത്തുകൾ വിപണനത്തിന് തയ്യാറായിട്ടുണ്ട്. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ 0494 2677250, 9526041177, 9526041202.

**പരിശീലന പരിപാടി**

8. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് പരിശീലനം നടത്തുന്നു. 2024 ഒക്ടോബർ 15-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചാണ് പരിശീലനം. കർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയും സ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്കെല്ലാം പരിശീലനം പ്രയോജനം ചെയ്യും. റബ്ബർതോട്ടങ്ങളിൽനിന്ന് അധികവരുമാനം നേടുന്നതിനുള്ള മാർഗ്ഗമാണ് തേനീച്ചവളർത്തൽ. ശാസ്ത്രീയമായ രീതികൾ അവലംബിക്കുന്നതിലൂടെ തേനീച്ചവളർത്തലിൽനിന്ന് മെച്ചപ്പെട്ട വരുമാനം നേടാൻ കഴിയും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**